SFAC
लघु कृषक
कृषि व्यापार संघ

# SMALL FARMERS' AGRIBUSINESS CONSORTIUM, KERALA

(Society Under Department of Agriculture, Government of Kerala)
T.C.25/1955(4), Manjalikulam Road, Thampanoor, Thiruvananthapuram-695001
Tele : 0471-2322109, Fax:0471-2322110, Website : www.sfackerala.org

## സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം , കേരള

## " കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ "

## (Farmers Call Centre – cum - Information Hub)

## പ്രോജക്ടിലേക്കുള്ള നിയമന വിജ്ഞാപനം

കേരള കൃഷിവകുപ്പിന്റെ "**കാർഷിക വിവരസങ്കേതം - ഒരു വിരൽത്തുമ്പിൽ** " എന്ന പ്രോജക്ടിലേക്ക് ഇനിപ്പറയുന്ന തസ്തികകളിലേക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പാനൽ തയ്യാറാക്കുന്നതിന് വോക്ക്- ഇൻ - ഇന്റർവ്യൂ നടത്തുന്നു. കരാർ കാലയളവ് ആവശ്യമെങ്കിൽ ദീർഘിപ്പിക്കുന്നതാണ്. നിയമനം ലഭിക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള പ്രതിമാസ കൺസോളിഡേറ്റഡ് വേതനത്തിന് പുറമേ മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല. ഏതെങ്കിലും തസ്തികകളിൽ കൂടുതൽ മാനവശേഷി ആവശ്യമായി വരുന്നപക്ഷം മേൽസൂചിപ്പിച്ച പാനലിൽ നിന്നും നിയമനം നടത്തുന്നതായിരിക്കും.

| ക്രമ നമ്പർ | തസ്തിക | നിലവിലെ ഒഴിവുകൾ | യോഗ്യത | പ്രതിമാസ ഹോണറേറിയം ₹ | പ്രായപരിധി |
|---|---|---|---|---|---|
| 1 | മാനേജർ , കാൾ സെന്റർ | 1 | 1. ബി എസ് സി (അഗ്രികൾച്ചർ )/ബി എസ് സി (ഹോർട്ടിക്കൾച്ചർ ) ബിരുദം<br>2. കേരള സർക്കാർ കൃഷി വകുപ്പിൽ ചുരുങ്ങിയത് 15 വർഷം പ്രവൃത്തി പരിചയമുള്ള ഡെപ്യൂട്ടി ഡയറക്ടർ അല്ലെങ്കിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ വിരമിച്ചവർ ആയിരിക്കണം.<br>3. കമ്പ്യൂട്ടർ ഉപയോഗത്തിൽ പ്രാവീണ്യം ഉണ്ടായിരിക്കണം.<br>4. കാൾ സെന്റർ പ്രവർത്തനങ്ങളിലെ പ്രവൃത്തിപരിചയം അഭികാമ്യം. | 40000 | 65 വയസ്സിന് താഴെ |
| 2 | ടീം ലീഡർ , കാൾ സെന്റർ | 1 | 1. ബി എസ് സി (അഗ്രികൾച്ചർ )/ബി എസ് സി (ഹോർട്ടിക്കൾച്ചർ ) ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത<br>2. കേരള സർക്കാർ കൃഷി വകുപ്പിൽ ചുരുങ്ങിയത് 15 വർഷം പ്രവൃത്തി പരിചയമുള്ള ഡെപ്യൂട്ടി ഡയറക്ടർ അല്ലെങ്കിൽ അസിസ്റ്റന്റ് ഡയറക്ടർ | 35000 | 65 വയസ്സിന് താഴെ |

| | | | | | |
|---|---|---|---|---|---|
| | | | തസ്തികയിൽ വിരമിച്ചവർ ആയിരിക്കണം.<br>3. കമ്പ്യൂട്ടർ ഉപയോഗത്തിൽ പ്രാവീണ്യം അഭികാമ്യം. | | |
| 3 | ടെക്നിക്കൽ ഓഫീസർ , കാൾ സെന്റർ (സാങ്കേതികം) | 2 | 1. കേരള കാർഷിക സർവ്വകലാശാലയുടെ ബി എസ് സി (അഗ്രികൾച്ചർ )/ബി എസ് സി (ഹോർട്ടിക്കൾച്ചർ ബിരുദം ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത<br>2. കാർഷിക രംഗത്ത് ചുരുങ്ങിയത് 6 മാസത്തെ പ്രവൃത്തിപരിചയം<br>3. മലയാള ഭാഷയിൽ പ്രാവീണ്യം.<br>4. കർഷകർ ഉന്നയിക്കുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ആത്മാർത്ഥയും പ്രതിബദ്ധതയും ഉള്ളവരാകണം.<br>5. കർഷകരോട് സൗഹാർദ്ദത്തോടും ലളിതമായും സംവദിക്കുന്നതിന് കഴിവുള്ളവരാകണം. | 30000 | 35 വയസ്സിന് താഴെ |
| 4 | ടെക്നിക്കൽ ഓഫീസർ , കാൾ സെന്റർ (പബ്ലിക് റിലേഷൻസ്) | 1 | 1. ഒരു അംഗീകൃത സർവ്വകലാശാലയുടെ മാസ്റ്റർ ഓഫ് സോഷ്യൽ വർക്കിലുള്ള (MSW) ബിരുദാനന്തര ബിരുദം<br>2. പബ്ലിക് റിലേഷൻസ് രംഗത്ത് ചുരുങ്ങിയത് ഒരു വർഷത്തെ പ്രവർത്തിപരിചയം അഭികാമ്യം.<br>3. മലയാള ഭാഷയിൽ പ്രാവീണ്യം.<br>4. കാൾ സെന്റർ പ്രവർത്തിപരിചയം അഭികാമ്യം. | 30000 | 35 വയസ്സിന് താഴെ |

ക്രമനമ്പർ 3 ലും 4 ലും ഉള്ള തസ്തികകളിലേക്ക് അപേക്ഷിക്കുന്ന പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗം / മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകർക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ വയസ്സിളവ് അനുവദനീയമാണ്. താല്പര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഒരു പകർപ്പും സഹിതം സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യത്തിന്റെ തമ്പാനൂർ മാഞ്ഞാലിക്കുളം റോഡിലെ ഓഫീസിൽ 2014 ഡിസംബർ മാസം 30-ന് രാവിലെ 10.30 ന് ഹാജരാവേണ്ടതാണ്.

(ഒപ്പ് )

തിരുവനന്തപുരം
16-12-2014

മാനേജിംഗ് ഡയറക്ടർ